(3) ബാച്ചലർ ഓഫ് പബ്ലിക് റിലേഷൻസ് (ബി. പി. ആർ.)

(4) മാസ്റ്റർ ഓഫ് ആർട്ട്സ് ഇൻ മാസ് കമ്മ്യൂണിക്കേഷൻ (എം. എ.)

(5) ബാച്ചലർ ഓഫ് ലൈബ്രറി ആൻറ് ഇൻഫർമേഷൻ മാനേജുമെൻറ് (ബി. എൽ. ഐ. എം.)

(6) മാസ്റ്റർ ഓഫ് ആർട്ട്സ് ഇൻ എഡ്യൂക്കേഷണൽ ടെലിവിഷൻ ആൻറ് മെറിറ്റീരിയൽസ് പ്രൊഡക്ഷൻ (എം. എ.)

(7) മാസ്റ്റർ ഓഫ് ബിസിനസ് അഡ്മിനിസ്ട്രേഷൻ (എം. ബി. എ.)

(8) മാസ്റ്റർ ഓഫ് സയൻസ് ഇൻ ഓപ്പറേഷണൽ റിസർച്ച് (എം. എസ്.)

(9) ബേസിക് കോഴ്സ്.

മേൽപ്പറഞ്ഞ എട്ടു കോഴ്സുകളിൽ ഏതെങ്കിലും ആറു കോഴ്സുകളും ബേസിക് കോഴ്സുകളും തുടങ്ങുവാനാണുദ്ദേശിക്കുന്നത്. ഇക്കാര്യത്തിൽ അക്കാഡമിക് കമ്മിറ്റി വേണ്ട തീരുമാനമെടുക്കുന്നതാണ്.

എസ്. എസ്. എൽ. സി. പരീക്ഷയുടെ മാർക്ക്

* 127. [130] ശ്രീ. എസ്. ആർ. തങ്കരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1987 മാർച്ച് മുതൽ എസ്. എസ്. എൽ. സി. പരീക്ഷയുടെ മൊത്തം മാർക്ക് 600-ൽ നിന്ന് 1200 ആയി വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതുകൊണ്ട് ഉദ്ദേശിച്ചിട്ടുള്ള മെച്ചം എന്താണ് എന്നു വ്യക്തമാക്കാമോ ?

വിദ്യാഭ്യാസമന്ത്രി (ശ്രീ. ടി. എം ജേക്കബ്) :

(എ) ഉണ്ട്.

(ബി) ഓരോ പേപ്പറിനും 50 മാർക്ക് വീതം 12 പേപ്പറിന് ആകെ 600 മാർക്കായിരുന്നു കഴിഞ്ഞ പരീക്ഷയ്ക്കുണ്ടായിരുന്ന മാനദണ്ഡം. എന്നാൽ ദേശീയ അന്തർദേശീയ തലങ്ങളിൽ നടത്തുന്ന എല്ലാ പൊതുപരീക്ഷാ ചോദ്യ പേപ്പറുകളുടെയും പരമാവധി മാർക്ക് നൂറോ അതിൽ കൂടുതലോ ആയിരിക്കുന്ന സാഹചര്യത്തിൽ അതിനോടൊത്ത് എസ്. എസ്. സി. പരീക്ഷയും നീങ്ങുന്നത് ഒരാവശ്യമായി തീർന്നിട്ടുണ്ട്. പേപ്പറിന് 50 മാർക്ക് എന്നത് 100 മാർക്ക് ആയി ആകെ 12 പേപ്പറിന് 1200 മാർക്ക് എന്നു ഭേദഗതി ചെയ്തിട്ടുണ്ട്. ഒരു മൂല്യാംഗത്തിന് ഏറ്റവും കുറഞ്ഞത് ഒരു മാർക്ക് ആക്കണമെന്നാണ് നയം. ഉത്തരക്കടലാസുകൾ നോക്കുന്നതിനും മാർക്കിടുന്നതിനും ഇതുമൂലം സമയലാഭം ഉണ്ടാകുന്നു. ½ മാർക്കോ ¾ മാർക്കോ ഉണ്ടാകുന്നില്ല. എന്നിവയാണ് മറ്റു മെച്ചങ്ങൾ.

LIBRARY ARCHIVES Kerala Legislative Assembly